LIBRARY ARCHIVES Kerala Legislative Assembly

അനധികൃത സ്പിരിറ്റ് കടത്ത് പിടിക്കുവാൻ അൾട്രാ മോഡേൺ ഇലക്ട്രോണിക് ഉപകരണങ്ങൾ

*10 [893] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ എൻ. ശക്തൻ:
„ ജോർജ് ജെ. മാത്യു:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സജ്ജീകരണങ്ങളുള്ള ചരക്ക് വണ്ടികളും, ടാങ്കർ ലോറികളും മുഖേന അനധികൃതമായി കടത്തുന്ന സ്പിരിറ്റ് പിടിക്കുവാൻ എക്സൈസ് പോലീസ് വകുപ്പുകളിലെ ബന്ധപ്പെട്ടവർക്ക് എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) അവർക്ക് ഇതിനുവേണ്ടി എന്തെല്ലാം പരിശീലനം നൽകിയിട്ടുണ്ട്;

(സി) അവർക്ക് അൾട്രാ മോഡേൺ ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ—സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ഓരോ വർഷവും ബഡ്ജറ്റിൽ അഞ്ചുകോടി രൂപാവീതം വകയിരുത്തുകയും അത്യാവശ്യ നവീകരണപ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. വകുപ്പിന് അവശ്യം ആവശ്യമായ സംവിധാനങ്ങളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്. അതുകൊണ്ട് സ്പിരിറ്റ് കടത്തൽ പിടിക്കുവാൻ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അൾട്രാ മോഡേൺ ഉപകരണങ്ങൾ നൽകുവാൻ സാധിച്ചിട്ടില്ല. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വാഹനപരിശോധന കർശനമായും, കാര്യക്ഷമമായും നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ ആധുനീകരിക്കുന്നതിനും നടപടിയെടുത്തുവരുന്നു.

വർദ്ധിച്ചുവരുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടു വരുന്നതിന് നടപടി

*11 [894] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ബാലൻ:
„ കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചു കൊണ്ടു വരുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കഴിഞ്ഞ വർഷവും ഈ വർഷവും നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;